# ജി. എച്ച്.എസ്. എസ്. കോളേരി
# 2025 -2026

# അക്കാദമിക മാസ്റ്റർപ്ലാൻ

ഗുണമേന്മവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുമ്പോൾ ഏറ്റവും നൂതനമായ വിദ്യാഭ്യാസ മാറ്റങ്ങൾ കൊണ്ടുവന്നുകൊണ്ട് മുഴുവൻ വിദ്യാർഥികളുടെയും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയും എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല.

ഓരോ വിദ്യാലയവും ആ വിദ്യാലയത്തിന്റെ വസ്തുനിഷ്ഠ സാഹചര്യങ്ങൾ വിലയിരുത്തി പ്രസ്തുത വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്നതാണ് ആ വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ .

ഓരോ ക്ലാസിലും  കിട്ടേണ്ട ശേഷികൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക, നിശ്ചിത പ്രായത്തിലുള്ള ലോകത്തിലെ ഏതൊരു കുട്ടിയോടും സംവദിക്കാൻ കഴിയുക, അതുവഴി നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക, വിദ്യാഭ്യാസത്തിന്റെ നഷ്ടപ്പെട്ടുപോയ മൂല്യങ്ങൾ തിരിച്ചുപിടിക്കുകയും ചെയ്യുക എന്നതാണ് ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത്.

കോളേരി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങളും പ്രസ്തുത ലക്ഷ്യങ്ങൾ സാർത്ഥകമാക്കാൻ സഹായകമായ പ്രവർത്തനങ്ങളും സമയബന്ധിതമായി എങ്ങനെയെല്ലാം നടപ്പാക്കും എന്ന് വിശദീകരിക്കുകയുമാണ് ഈ മാസ്റ്റർ പ്ലാൻ.

വിദ്യാലയം നേരിടുന്ന പരിമിതികളും അവയുടെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും ക്രോഡീകരിച്ച് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . സാമൂഹിക പങ്കാളിത്തത്തോടെ ഗ്രാമീണ വിദ്യാലയം മികവിന്റെ കേന്ദ്രമാകണം എന്ന ലക്ഷ്യത്തോടെ സ്കൂളിൻറെ

അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

## സ്കൂൾചരിത്രം

ഭൂമിശാസ്ത്രപരമായി വയനാട് ജില്ലകളുടെ മധ്യഭാഗത്ത് കുടിയേറ്റ ജനതയുടെ കഠിനാധ്വാനത്തിന്റെ ചരിത്രമുറങ്ങുന്ന കോളേരി എന്ന പ്രദേശത്ത് വിദ്യാഭ്യാസം കൊണ്ട് സമൂഹത്തിൽ സമൂലമായ പുരോഗതി സാധ്യമാവുക എന്ന ലക്ഷ്യത്തോടെ കുടിയേറ്റ ജനത ഉയർത്തിയെടുത്ത സരസ്വതി ക്ഷേത്രമാണ് കോളേരി ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ഒരു മലയോര ജില്ലയായ വയനാട്ടിൽ 1966 കോളേരി ഗവൺമെൻറ് ഹൈസ്കൂൾ സ്ഥാപിതമായി . ആരംഭഘട്ടത്തിൽ ഇവിടുത്തെ പൂർവികർ നടത്തിയിട്ടുള്ള അധ്വാനം എക്കാലവുംസ്മരണീയമാണ് . യാത്രാസൗകര്യങ്ങൾ വളരെ കുറവും സാമ്പത്തിക പരാധീനത ഏറെയുമുള്ള കാലഘട്ടത്തിൽ ഐക്യത്തിന്റെയും ത്യാഗ സന്നദ്ധതയുടെയും ഫലമായിട്ടാണ് ഈ വിദ്യാഭ്യാസസ്ഥാപനം

ഉയർന്നുവന്നത് .1966 കോളേരി ഹൈസ്കൂൾ സ്ഥാപിക്കാൻ മുൻകൈയെടുത്തത് പ്രദേശവാസിയായ ശ്രീ .കൊന്നക്കൽ നാരായണനും കോളേരി യു.പി സ്കൂളിലെ ഹെഡ്മാസ്റ്റർ പി. ഭാസ്കരനുമാണ് . സ്കൂളിന് ആവശ്യമായ ഒന്നര ഏക്കർ സ്ഥലം കൊന്നക്കൽ പരമേശ്വരൻ എന്നയാളിൽ നിന്നും, ഒരേക്കർ സ്ഥലം കൊന്നക്കൽ ചന്ദ്രൻ എന്ന ആളിൽ നിന്നും വിലയ്ക്കുവാങ്ങുകയും അരയേക്കർ സ്ഥലം കൊന്നക്കൽ നാരായണൻ എന്നയാൾ സൗജന്യമായി നൽകുകയും ചെയ്തു. 30 കുട്ടികളും രവീന്ദ്രനാഥ് എന്ന ഏക അധ്യാപകനും ആയിട്ടാണ് കോളേരി ഗവൺമെൻറ് ഹൈസ്കൂൾ പ്രവർത്തനമാരംഭിക്കുന്നത് . സ്കൂളിന്റെ പ്രാരംഭ കാലത്തുണ്ടായിരുന്ന അധ്യാപകരിൽ കൂടുതൽ പേരും മറ്റു ജില്ലകളിൽ നിന്നുള്ളവരായിരുന്നു. വാടകയ്ക്ക് നൽകുന്ന വീടുകളോ ലോഡ്ജുകളോ ഇല്ലാതിരുന്നതിനാൽ സ്കൂളിലെ സമീപപ്രദേശങ്ങളിലെ വീടുകളിലെ പരിമിത സൗകര്യങ്ങളിലാണ് എല്ലാവർക്കും താമസ സൗകര്യം ഒരുക്കിയിരുന്നത്. എട്ടാം ക്ലാസ് ആരംഭിക്കുമ്പോൾ രവീന്ദ്രനാഥൻ സാർ മാത്രമായിരുന്നു അധ്യാപകനായി ഉണ്ടായിരുന്നത് . ഒമ്പതാം ക്ലാസ്

ആരംഭിക്കുമ്പോഴേക്കും *എസ്.എൻ. സാർ* എന്നറിയപ്പെടുന്ന ശ്രീനാരായണൻ മാസ്റ്ററും എം. ശ്രീധരൻ പിള്ള സാറും കൂടി വന്നുചേർന്നു. എസ്.എസ്.എൽ.സി .ക്ലാസ്സ് തുടങ്ങുമ്പോഴേക്കും മീനങ്ങാടി ഹൈസ്കൂളിൽ നിന്നും ഡെപ്യൂട്ടേഷനിൽ ശ്രീ എം .രാഘവൻ മാസ്റ്റർ , ഹെഡ്മാസ്റ്ററുടെ ചാർജ്ജോടു കൂടി എത്തിച്ചേർന്നു .സർവ്വശ്രീ.എ .കെ നാണു മാസ്റ്റർ ,കുഞ്ഞിക്കണ്ണൻ മാസ്റ്റർ, മാത്യു മാസ്റ്റർ ,ശ്രീമതി പത്മാവതി ടീച്ചർ തുടങ്ങിയവരും അധ്യാപകരായി ചേർന്നതോടെ പഠനരംഗം കൂടുതൽ സജീവമായി. പാലക്കാട് ചിറ്റൂർ സ്വദേശിയായ ശ്രീ സി .ആർ കൃഷ്ണൻ ആദ്യത്തെ ഗസറ്റഡ് ഹെഡ്മാസ്റ്റർ എന്ന പദവിയിൽ എത്തി. തുടർന്ന് കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ള പ്രഗൽഭരും പ്രശസ്തരുമായ നിരവധി അധ്യാപക ശ്രേഷ്ഠരുണ്ട്. കായികരംഗത്ത് കോളേരി ഹൈസ്കൂളിന് കൂടുതൽ നേട്ടമുണ്ടാക്കിത്തന്ന യശഃ ശരീരനായ കെ. വി സുരേഷ് മാസ്റ്ററുടെ സേവനം പ്രത്യേകം പരാമർശിക്കുന്നു. 1969 മാർച്ച് മാസത്തിൽ കോളേരി ഗവൺമെൻറ് ഹൈസ്കൂളിന്റെ ആദ്യ എസ്.എസ്.എൽ.സി .ബാച്ച്

പുറത്തിറങ്ങി 20 ആൺകുട്ടികളും 10 പെൺകുട്ടികളും അടങ്ങിയ ഈ ബാച്ചിൽ നിന്നും 21 പേർ വിജയിച്ചു. നിരവധി പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നു . മോശമല്ലാത്ത ഒരു വിജയം കൈവരിക്കാൻ ആദ്യത്തെ ബാച്ചിന് കഴിഞ്ഞു. ആദ്യ ബാച്ചിൽപ്പെട്ട പലരും ജീവിതത്തിന്റെ വിവിധ മേഖലകളിൽ അവരുടെ കൈമുദ്ര പതിപ്പിച്ചിട്ടുണ്ട് . സ്കൂളിൽ ആദ്യ അഡ്മിഷൻ നേടിയ ശ്രീകൃഷ്ണൻ 2007 ലെ ദേശീയ അധ്യാപക അവാർഡ് കരസ്ഥമാക്കി . ചീരാൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും ഹെഡ്മാസ്റ്റർ ആയി വിരമിച്ചു.

പി.എൻ. പത്മിനി മുണ്ടേരി ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും ഹെഡ്മിസ്ട്രസ് ആയി വിരമിച്ചു. 2004 കോളേരി ഗവൺമെൻറ് ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു .കോളേരി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ നിരവധിപേർ സ്വയംതൊഴിൽ സംരംഭകരായും, മികച്ച കർഷകരായും, പ്രവാസികളായും, കലാകാരന്മാരായും ,

എൻജിനീയറിങ് മെഡിക്കൽ രംഗത്തെ പ്രതിഭകളായും, സർക്കാർ ഉദ്യോഗസ്ഥരായും പ്രവർത്തിച്ച വരുന്നുണ്ട്. പോലീസ് ,എക്സൈസ്, കെഎസ്ഇബി , പൊതുമേഖലാ സംരംഭങ്ങൾ തുടങ്ങിയ രംഗങ്ങളിൽ ഉള്ളവർ നിരവധിയാണ്.
വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതിലും വിജയശതമാനം ഉയർത്തുന്നതിലും എപ്പോഴും ജാഗ്രത പുലർത്തുന്ന മികച്ച അധ്യാപകരും പൂർണ്ണ പിന്തുണ നൽകുന്ന പി.ടി.എകളും കോളേരി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന്എക്കാലത്തും കരുത്തായി നിലകൊള്ളുന്നു.

വിജയശതമാനം മുൻ വർഷങ്ങളിൽ

2010 മാർച്ച് -99%

2011 മാർച്ച് - 98%

2012 മാർച്ച് 100 %

2013 മാർച്ച് - 99%

2014 മാർച്ച് - 99%

2015 മാർച്ച് - 98%

2016 മാർച്ച് - 94%

2017 മാർച്ച് - 84%

2018 മാർച്ച് -100%

2019 മാർച്ച് - 100%

2020 മാർച്ച് - 100%

2021 മാർച്ച് - 100 %

2022 മാർച്ച് - 100 %

2023 മാർച്ച് - 100%

2024 മാർച്ച് - 100%

2025 മാർച്ച് - 98%

<u>സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ</u>

- 1966 ൽ ഉള്ള അതേ കെട്ടിടത്തിൽ ഏറ്റവും പരിതാപകരമായ അവസ്ഥയിൽ മതിയായ ക്ലാസ്സ് റൂമുകളോ , ഓഫീസ് , ലാബ് , അനുബന്ധ സംവിധാനങ്ങൾക്കൊന്നും സൗകര്യമില്ലാത്ത അവസ്ഥയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

ജനറൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾ വളരെ കുറവായതുകൊണ്ട് തന്നെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്ന ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത ഉണ്ട്

കലാകായിക മേഖലകളിൽ അധ്യാപകരില്ലായ്മ .

സ്കൂളിന് പൊതുപരിപാടികൾ നടത്താൻ ഓഡിറ്റോറിയം ഇല്ല .

സൗകര്യപ്രദമായ കിച്ചൻ കം ഡൈനിങ് ഹാൾ ഇല്ല.

സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ യാതൊരു സൗകര്യവും സ്കൂളിനില്ല .

ആവശ്യമായ ഫർണിച്ചർ സൗകര്യങ്ങൾ ഇല്ല..

## സ്കൂൾ മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾ

വിദ്യാഭ്യാസരംഗത്ത് തുല്യത,അവസരസമത്വം,ഗുണത എന്നിവ ഉറപ്പാക്കൽ,ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാനുഭവങ്ങൾ നൽകൽ,ഓരോ കാലഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടി എന്ന് ഉറപ്പിക്കൽ,രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ,ലഹരി വിരുദ്ധ മനോഭാവം,പ്ലാസ്റ്റിക് കീടനാശിനി മുക്ത ക്യാമ്പസ് എന്നിവ വിഭാവനം ചെയ്യുന്നു.

ഭാഷാവിഷയങ്ങളിൽ പരിശീലനം നൽകുക.

ദത്ത്സംവിധാനം , കൂടെ ,ഉയരെ  തുടങ്ങി സ്കൂളിന്റെ തനത് പദ്ധതികളിലൂടെ  കുട്ടികളുടെ സമഗ്ര വളർച്ചക്ക് സഹായകമാകുന്ന പ്രവർത്തനങ്ങൾ.

തനത് പ്രവർത്തനങ്ങൾക്കുള്ള ഇടം .ഉയരെ പദ്ധതിയുടെ തുടർച്ച.

സ്വയം തൊഴിൽ സാധ്യതകൾ ഉറപ്പുവരുത്തുന്ന പ്രവർത്തനം .

SPC യുമായി സഹകരിച്ച് ലഹരിവിരുദ്ധ ക്യാമ്പെയ്ൻ .

## പരിഹാര മാർഗങ്ങൾ /നിർദ്ദേശങ്ങൾ

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ നൈപുണ്യം വർധിപ്പിക്കാൻ വേണ്ടി സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കുക.

യോഗ ചെസ്സ് വോളിബോൾ തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കുക.

ഗോത്ര വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിന് വേണ്ടിഗോത്ര ഫെസ്റ്റ് സ്കൂളിൽ സംഘടിപ്പിക്കുക.

പ്രാദേശിക ജനപ്രതിനിധികൾ,രക്ഷകർത്താക്കൾ, പ്രൊമോട്ടർമാർ, ട്രൈബൽ ഡിപ്പാർട്ട്മെൻറ് തുടങ്ങിയവരുടെ സഹകരണത്തോടെ പ്രാദേശിക

യോഗങ്ങൾ  സംഘടിപ്പിക്കുക, ഗോത്ര വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

മാറുന്ന കാലഘട്ടത്തിലെ ഡിജിറ്റൽ സംവിധാനങ്ങളെക്കുറിച്ചും, ലഹരി മുക്തക്യാമ്പസ് എന്ന പദ്ധതിയെക്കുറിച്ചും രക്ഷിതാക്കളിൽ അവബോധം ഉണ്ടാക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുക.

ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം സംഘടിപ്പിക്കുക.

നിലവിൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തപ്പെട്ട സ്കൂളിൻറെ ഭൗതിക സാഹചര്യ പ്രവർത്തനങ്ങൾക്കായി നിരന്തരം ഭരണാധികാരികളെ സമീപിക്കുകയും പുരോഗമനം വിലയിരുത്തുകയും ചെയ്യുക .

ജില്ലാ പഞ്ചായത്ത് സ്കൂളിനനുവദിച്ച മെയ്ന്റനൻസ് ഫണ്ട് എത്രയും പെട്ടന്ന് എത്തിക്കുക . ഓടിട്ട കെട്ടിടത്തിന്റെ റൂഫിംഗ് നിർവ്വഹിക്കുക.

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിൽ.

## <u>മലയാളം</u>

### 1.അക്ഷരപ്പച്ച -

ജ്ജൂൺ മുതൽ ഡിസംബർ വരെ

പിന്തുണ - ഭാഷാധ്യാപകർ ,മെന്റർമാർ

അക്ഷരജ്ഞാനത്തിൽ പിന്നോക്കം നിൽക്കുന്ന

കുട്ടികൾക്ക് പ്രത്യേക പരിശീലനവും, ക്ലാസ് -തല വർക്ക്

ഷീറ്റും .

പ്രീ ടെസ്റ്റ്, മലയാളത്തിളക്കം മോഡ്യൂൾ പ്രകാരം

പരിശീലനം. പാട്ടുകൾ കഥകൾ.

## 2.ദിനാചരണങ്ങൾ

കാലയളവ് - ജൂൺ മുതൽ ജനുവരി വരെ

നടപ്പിലാക്കുന്നത് - മലയാളവേദി, വിദ്യാരംഗം

പ്രശസ്ത സാഹിത്യകാരന്മാർ, സാംസ്കാരിക നായകർ, പ്രധാന വ്യക്തികൾ തുടങ്ങിയവരും ആയി ബന്ധപ്പെട്ട ദിനങ്ങൾ ഉചിതമായി ആചരിക്കുക.

## 3.ആഴം - മാഗസിൻ

നടപ്പിലാക്കുന്നത് -

വിദ്യാരംഗം, മലയാള വേദി

പ്രകാശനം - നവംബർ - 1

വിദ്യാലയത്തിലെ ഓരോ കുട്ടിക്കും അവരവരുടെ രചനകൾ ഉൾപ്പെടുത്തി സ്വന്തം ഒരു കയ്യെഴുത്ത് മാഗസിൻ,ഓരോ കുട്ടിയും വായിച്ച പുസ്തകങ്ങൾ പരിചയപ്പെടുത്തുന്ന ആസ്വാദനക്കുറിപ്പുകൾ ചേർത്ത് *ദളം* എന്ന പേരിൽ മാഗസിൻ നിർമ്മാണം.

**4.മണിക്കുയിൽ -**

നടപ്പിലാക്കുന്നത് - മലയാളം ക്ലബ്.

പ്രകാശനം നവംബർ 1

ഓരോ ക്ലാസിലെയും പാട്ടു ഭാഗങ്ങൾ ഓഡിയോ തയ്യാറാക്കൽ .

**5.കോലായ**

നടപ്പിലാക്കുന്നത് - വിദ്യാരംഗം, ഭാഷാ ക്ലബ്ബുകൾ

ഭാഷാസാഹിത്യ സാംസ്കാരിക മേഖലകളിലുള്ളവരുമായി അഭിമുഖ വേദി.

**6.ഉയരെ**

കുട്ടികളുടെ വാചികാഭിരുചികൾ പരിപോഷിപ്പിക്കുന്ന ഡിജിറ്റൽ ഇടം.

**7.എഴുത്തുപുര**

കാലയളവ് - ജൂൺ മുതൽ ഡിസംബർ വരെ

നടപ്പിലാക്കുന്നത് - പ്രാദേശിക വായനശാല, മലയാളം ക്ലബ്ബ്.

വായനയിൽ താൽപര്യമുള്ളവർക്കായി പുസ്തകചർച്ച, സെമിനാർ ,സംവാദം തുടങ്ങിയ സംഘടിപ്പിക്കുന്നു.

## 8.ഗോത്ര ഫെസ്റ്റ് -

ജനുവരി

വ്യത്യസ്ത ഗോത്ര ജനതയുടെ സാംസ്കാരിക പൈതൃകം പരിചയപ്പെടുത്തുന്നതിനായുള്ള പ്രദർശനം ഗോത്ര ഭാഷ ഗാനാ അവതരണം ഗോത്ര പ്രമുഖരെ ആദരിക്കൽ

## 9.ആഴ്ചവെട്ടം

കാലയളവ് - ജൂൺ മുതൽ ജനുവരി വരെ

നടപ്പിലാക്കൽ - മലയാളം ക്ലബ്ബ്.

പ്രതിവാര വാർത്താ പ്രദർശനം, പ്രശ്നോത്തരികൾ

## 10.വിവിധ കളരികൾ -

സംഘാടനം - വിദ്യാരംഗം

നാടൻപാട്ട്

അഭിനയം

പ്രസംഗം

രചനകൾ.

## 11.ഫിൽ ഇൻ ദി ബ്ലാങ്ക്സ് -

കഥ, കവിത , തുടങ്ങിയവയുടെ ആദ്യവരികൾ നൽകി തുടർവരികൾക്കായി ഒരു പെട്ടി നൽകുന്നു. നിക്ഷേപിക്കപ്പെടുന്നവയിൽ മികച്ചതിന് സമ്മാനം.

## 12.ചോദ്യബാങ്ക്

കാലയളവ് - ജൂൺ മുതൽ മാർച്ച് വരെ

കുട്ടി ഓരോ പാഠവുമായി ബന്ധപ്പെട്ടും ചോദ്യങ്ങൾ ഉണ്ടാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ചോദ്യങ്ങൾ ശേഖരിച്ച്

ചോദ്യ ബാങ്ക് നിർമ്മാണം .

# ഗണിതം

June

1.pre test എല്ലാ ക്ലാസ്സിലും

2. പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി List തയ്യാറാക്കൽ

3. Maths clinic ന്റെ രൂപീകരണം (Mathematical doctor and patient)

. ഗണിതത്തിൽ ഉയർന്ന നിലവാരമുള്ള കുട്ടികൾ ഡോക്ടേഴ്സ് ആയി സേവനം അനുഷ്ഠിക്കുകയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകുന്നു.

2nd week

1.ഗണിത ക്ലബ് രൂപീകരണം & ഉദ്ഘാടനം

( ത്രികോണസ്തംഭം കൊണ്ട് Penstand ഉണ്ടാക്കി അധ്യാപകർക്ക് നൽകുന്നു

2.ക്ലാസ്സ് Test & unit Test

**July**

1st week

1. തുല്യ ത്രികോണങ്ങൾ എന്ന പാഠഭാഗത്തെ ആസ്പദമാക്കി still model നിർമ്മാണം. Mathematical virus ( 8-ാം ക്ലാസ്സ് കുട്ടികൾക്ക്)

2. Sulthan Bathery Malankar Catholic Church - ലേയ്ക്ക് Feild Trip

(ഗണിത രൂപങ്ങളിലെ മനോഹാരിത )

3. Maths Quiz

4. Pie approximation Day Celeberation

22/7 ന്റെ ഏകദേശ വില കണ്ടെത്തുന്ന മത്സരം

24/7/25 പൈഥഗോറിയൻ Theorem Day Celeberations

(ഗണിത അസംബ്ലി )

**August**

August 13- ദേശീയ പതാക നിർമ്മാണ മത്സരം

(Ratio,Measurements)

2nd week
ഗണിത മേളയിലേയ്ക്കുള്ള കുട്ടികളെ കണ്ടെത്തൽ

. ഗണിത പൂക്കള മത്സരം

**September**
1.9/9/25- Sudoku Day celeberation
(Sudoku പൂർത്തീകരണം)

**October**

1. ഗണിത മേളയിലെ പങ്കാളിത്തം ഉറപ്പിക്കുന്നു
2. ഒരു വൃത്തത്തിനുള്ളിൽ ത്രികോണത്തിൽ തുടങ്ങി 10 വശങ്ങളുള്ള ബഹുഭുജങ്ങളിലേയ്ക്കുള്ള വളർച്ച Pure Construction

**November**
'Fi banacci day celeberation
(പ്രകൃതിയിലെ Fihana cci Series ചിത്ര പ്രദർശനം )

**December**

22/12/25 Mathematical day Celeberations (ഗണിത അസംബ്ലി , രാമാനുജൻ വ്യക്തി പരിചയം ' Seminar about Ramanujan)

**January**

ഗണിത അസംബ്ലി

ഗണിത പ്രാർത്ഥന

ഗണിത വഞ്ചിപ്പാട്ട്

സംഗമഗ്രാമ മാധവൻ വ്യക്തി പരിചയം

**February**

1. വിഷയസമിതിയുടെ ഇടപെടൽ. കുട്ടി ആർജ്ജിക്കേണ്ട പഠന ലക്ഷ്യങ്ങൾ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു

പിന്തുണ വേണ്ട കുട്ടികളെ പരീക്ഷക്കായി തയ്യാറാക്കുന്നു (30% ഉറപ്പിക്കുക)

**March**

14/3. Pie day celeberation

Pie യുടെ ഏകദ്ദേശ വില പ്രദർശനം

Pie യുടെ പ്രാധാന്യം നൽകുന്ന അനൗൺസ്മെന്റ്

ഓരോ പാഠം കഴിയുമ്പോഴും പുതിയ രീതിയിലുള്ള CPSC Neet Model) Multiple choice ചോദ്യങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.
5 ചോദ്യങ്ങൾ വീതം ഓരോ കുട്ടിയെയും കൊണ്ട് നിർമിപ്പിക്കുന്നു ചർച്ച ചെയ്യുന്നു. അതേ ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷ നടത്തുന്നു.

10 -ലെ ത്രികോണമിതി എന്ന പാഠഭാഗം കഴിയുമ്പോൾ clinometer നിർമ്മിച്ച് മരത്തിന്റെ ഉയരം അളക്കുന്നു ( Sin, cos,tan) വിലകൾ ഉപയോഗിച്ച്
. 9 -ലെയും, 10 -ലെയും സ്തംഭങ്ങൾ എടുക്കുന്ന സമയത്ത് സ്തംഭങ്ങൾ നിർമിക്കുന്നു.
8- ലെ ബഹുഭുജങ്ങൾ എടുക്കുന്ന സമയത്ത് നിത്യ ജീവിതത്തിൽ കാണുന്ന ബഹുഭുജ രൂപങ്ങൾ കുട്ടികൾ കൊണ്ടുവന്ന് 8-ാം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു(മുറിച്ച വെണ്ടയ്ക്ക നാണയങ്ങൾ. റബർ.......)

**<u>.......സയൻസ്........</u>**

**ജൂൺ**

ഫസ്റ്റ് വീക്ക്-പ്രീ ടെസ്റ്റ് 8 9 10, പ്രീവിയസ് നോളജ് ചെക്കിങ്

ഇൻട്രൊഡക്ഷൻ ഓഫ് ബേസിക് ഐഡിയ

**രണ്ടാമത്തെ ആഴ്ച**

സയൻസ് ക്ലബ് ഫോർമേഷൻ ഇനാഗുറേഷൻ

ഇൻട്രൊഡക്ഷൻ ഓഫ് ബേസിക് സയൻസ്

ആക്ടിവിറ്റീസ്

തേർഡ് വീക്ക്-ക്ലാസ് ടെസ്റ്റ്

**ജൂലൈ 2025**

ഫസ്റ്റ് വീക്ക്-ഐഡിയ മാരത്തോൺ ക്വിസ് പ്രോഗ്രാം

സെക്കൻഡ് വീക്ക്-ക്വിസ് കോർണർ

തേർഡ് വീക്ക്-ചാന്ദ്രദിനം പരിപാടികൾ, വൈ ഐ പി ഇൻസ്പയർ അവാർഡ് ആശയ ശേഖരണം

ഫോർത്ത് വീക്ക്-എക്സാമുകൾ

**ഓഗസ്റ്റ് 2025**

ഫസ്റ്റ് ആൻഡ് സെക്കൻഡ് വീക്ക്-ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങൾ

സയൻസ് കോർണർ

എക്സാം പ്രിപ്പറേഷൻ

**സെപ്റ്റംബർ 2025**

ഓസോൺ ഡേ ദിനാചരണം, പോസ്റ്റർ ഡിസ്പ്ലേ ക്വിസ് മത്സരങ്ങൾ

ശാസ്ത്രമേള മുന്നൊരുക്കങ്ങൾ

സയൻസ് ക്ലബ് വിവിധ ആക്ടിവിറ്റീസ്

**ഒക്ടോബർ 2025**

വൈൽഡ് ലൈഫ് വീക്ക്, സയൻസ് ഫെയർ
നാച്ചുറൽ ഡിസാസ്റ്റർ റിഡക്ഷൻ അവയർനസ്
ഒക്ടോബർ 23 മോൾ ഡേ ,പോസ്റ്റ് ഡിസ്പ്ലെ

**നവംബർ 2025**

നവംബർ 10 -വേൾഡ് സയൻസ് ഡേ ഫോർ പീസ് ആൻഡ് ഡെവലപ്മെൻറ്
യൂണിറ്റ് ടെസ്റ്റ്

**ഡിസംബർ 2025**

സിമ്പിൾ പ്രൊജക്റ്റ്-ഫിസിക്സ് ഫാൻസ് ആൻഡ് ട്രൂത്ത് ഇൻ നേച്ചർ (8, 9)
എക്സാം പ്രിപ്പറേഷൻ

**ജനുവരി 2026**

സയൻസ് ആക്ടിവിറ്റീസ് (പാട്ട് കവിത നാടകം)

സയൻസ് മികവുകൾ പ്രദർശനം

എസ്എസ്എൽസി എക്സാം പ്രിപ്പറേഷൻ

**ഫെബ്രുവരി 2026**

സബ്ജറ്റ് കൗൺസിൽ- ചർച്ച പ്രവർത്തനം പാഠസൂത്രണം എന്നിവയിലൂടെ ലക്ഷ്യം കൈവരിക്കുന്നു.

---

# <u>സോഷ്യൽ സയൻസ്</u>

ഭൂപട വായന

ജൂൺ - ആഗസ്റ്റ്

വേസ്റ്റ് മാനേജ്മെൻറ്

ജൂൺ - മാർച്ച്

ഹരിത വിദ്യാലയം

ജൂൺ - മാർച്ച്

സെമിനാർ

കാലാവസ്ഥാഉച്ചകോടി

സംവാദം

ചർച്ച

റോൾപ്ലേ

8 ,9 ,10 ക്ലാസുകളിൽ കുട്ടികളുടെ വിഷയത്തിലുള്ള അറിവ് മനസ്സിലാക്കുകയും കൂടുതൽ പിന്തുണ വേണ്ടവർക്ക് അത് നൽകുന്നതിന് തീരുമാനിച്ചു

8 9 ക്ലാസുകളിൽ ഭൂപട വായനയിൽ കൂടുതൽ അറിവ് നൽകുന്ന പ്രവർത്തനങ്ങൾ തുടക്കം മുതൽ ചെയ്യാൻ തീരുമാനിച്ചു

അടിസ്ഥാനമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ആർജിക്കാത്ത കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന്റെ ഭാഗമായി

ഭൂമിശാസ്ത്രം

ഇന്ത്യ സംസ്ഥാനങ്ങൾ കേരളം ജില്ലകൾ സ്ഥാനം ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവയും

ചരിത്രം

ഇന്ത്യൻ സ്വാതന്ത്ര്യ സമരവും സ്വാതന്ത്ര്യസമരസേനാനികൾ സാമൂഹ്യ പരിഷ്കർത്താക്കൾ പ്രധാന സംഭവങ്ങൾ എന്നിവയും

പൗരധർമ്മം

ഇന്ത്യൻ ഭരണഘടന രൂപീകരണം ശില്പി നിലവിൽ വന്നത് മൗലികാവകാശം ഗവൺമെൻറ് എന്നിവയും

സാമ്പത്തിക ശാസ്ത്രം

സമ്പത്തിന്റെ വിനിയോഗം ചർച്ച എന്നിവയും ക്ലാസുകളിൽ പ്രവർത്തനങ്ങൾ ആയി ചെയ്യുവാൻ തീരുമാനിച്ചു.

സ്കീമോഫ് വർക്ക് അനുസരിച്ച് പാഠഭാഗങ്ങൾ സമയബന്ധിതമായി മുന്നോട്ടുപോകുവാനും തീരുമാനിച്ചു.

ആദ്യ പാഠങ്ങൾ തീർത്ത ശേഷം എല്ലാ ക്ലാസിലും യൂണിറ്റ് ടെസ്റ്റ് നടത്തുവാൻ തീരുമാനിച്ചു.

എല്ലാ ക്ലാസിലെയും കുട്ടികൾ പഠനത്തോടൊപ്പം ഷോർട്ട് നോട്ട് എഴുതുന്ന രീതി അവലംബിക്കാനും പുതിയ വാക്കുകളും പേരുകളും അപ്പപ്പോൾ തന്നെ മനസ്സിലാക്കി പോകുന്നതിനും ഇത് സഹായകമാകും എന്ന് വിലയിരുത്തി.

# ഹിന്ദി

**ജൂൺ**

5 -പരിസ്ഥിതി ദിവസം - പോസ്റ്റർ രചന

12 -ബാലവേല ദിനം

പോസ്റ്റർ - വീഡിയോ പ്രദർശനം

19-വായന ദിനം -

വായന മത്സരം

എഴുത്ത്

(കൈയക്ഷരം) - മത്സരം

21-ലോക സംഗീത ദിനം -

ഗായകരെ പരിചയപ്പെടുത്തൽ

പാട്ടുകൾ പരിചയപ്പെടുത്തൽ

**ജൂലൈ**

11 -ലോക ജനസംഖ്യാ ദിനം - പ്രസംഗം

31- പ്രേംചന്ദ് ജയന്തി

ക്വിസ്, പുസ്തക / രചന പരിചയം.

**ആഗസ്റ്റ്**

15- സ്വാതന്ത്ര്യ ദിനം -

പോസ്റ്റർ - സന്ദേശം നൽകൽ .

19 - ലോക ഫോട്ടോഗ്രഫി ദിനം -

ഫോട്ടോഗ്രഫി മത്സരം

**സെപ്റ്റംബർ**

5- അധ്യാപക ദിനം

പ്രസിദ്ധരായ അധ്യാപകരെ പരിചയപ്പെടൽ, അധ്യാപകർക്ക് ആശംസ കാർഡുകൾ നിർമ്മിക്കൽ

14- ഹിന്ദി ദിവസ്

ഹിന്ദി ഭാഷയുടെ സവിശേഷത -ചർച്ച, അനുബന്ധ പ്രവർത്തനങ്ങൾ

22 - ഗുലാബ് (റോസ്) ദിവസം -
ചിത്രരചന

**ഒക്ടോബർ**

1 -ലോക വൃദ്ധ ദിനം വൃദ്ധസദന സന്ദർശനം / വീഡിയോ  പ്രദർശനം.

2 -ഗാന്ധിജയന്തി സ്കൂൾ പരിസരം ശുചീകരണം പോസ്റ്റർ നിർമ്മാണം .

5 -ലോക അധ്യാപക ദിനം -ഈ ദിവസത്തെക്കുറിച്ച് പരിചയപ്പെടലും വീഡിയോ പ്രദർശനവും .

9 - പോസ്റ്റൽ ദിനം

പ്രസിദ്ധരായ ലേഖകന്മാർക്കും കവികൾക്കും കത്ത്

അയക്കൽ .

21 -പോലീസ്  ക്വിസ് മത്സരം -

 ക്വിസ് മത്സരം

**നവംബർ**

10 -ലോക ശാസ്ത്ര ദിനം -വീഡിയോ പ്രദർശനം.

11-ദേശീയ വിദ്യാഭ്യാസ ദിനം -സന്ദേശം പ്രസംഗം

**ഡിസംബർ**

9-ലോക അഴിമതി വിരുദ്ധ ദിനം -

ചർച്ച /സംവാദം.

**ജനുവരി**

24 - ദേശീയ ഗാന ഓർമ്മദിനം. -

ദേശീയ ഗാന ആലാപന മത്സരം

**ഫെബ്രുവരി**

13 -ലോക റേഡിയോ ദിനം -റേഡിയോയെ

പരിചയപ്പെടുത്തുക സ്കൂൾ റേഡിയോ പ്രോഗ്രാം

അവതരിപ്പിക്കുക.

--------------------------------------------------

## ഇംഗ്ലീഷ്

ആത്മവിശ്വാസത്തോടെ ആശയവിനിമയം നടപ്പിലാക്കാൻ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് , ഇംഗ്ലീഷ് കോർണർ, സ്റ്റോറി ടൈം, ഇംഗ്ലീഷ് അസംബ്ലി എന്നിവ സംഘടിപ്പിക്കുക.

ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക പ്രൊഫൈൽ ആൻഡ് സ്ക്രിപ്റ്റ് റൈറ്റിംഗ് സെമിനാർ എന്നിവ നടത്തുക പ്രവർത്തനങ്ങളോടൊപ്പം ജൂൺ

മുതൽ ഫെബ്രുവരി മാസം വരെ ഇതിനായി സജ്ജീകരിക്കുക.

സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, പത്രവാർത്തകൾ തയ്യാറാക്കൽ, എൻറെ ഡയറി, ന്യൂസ് റീഡിങ് കോമ്പറ്റീഷൻ.

ഇംഗ്ലീഷ് ഫെസ്റ്റ് ,ഇംഗ്ലീഷ് ഫിലിം ഫെസ്റ്റ് എന്നിവയ്ക്കുള്ള അവസരങ്ങൾ നൽകുക.

-----------------------------------------------------------------
----

# <u>ബയോളജി</u>

ഫീൽഡ് ട്രിപ്പ് - പഠന തന്ത്രം

സൂചകങ്ങൾ

1. വ്യത്യസ്ത ആവാസ വ്യവസ്ഥകൾ.

2. ആവസവ്യവസ്ഥകളും സസ്യ വൈവിധ്യവും.

3. ആവാസ വ്യവസ്ഥകളുടെ സംരക്ഷണവും ഗോത്രവിഭാഗങ്ങളുടെ പങ്കും.

4. ജൈവ വൈവിധ്യവും - പാരമ്പര്യ വിജ്ഞാനം.

5 പരമ്പരാഗത ഭക്ഷ്യ സംസ്കാരവും - ആരോഗ്യവും.

സ്കൂൾ വിസിറ്റ് - ലാബ് വിസിറ്റ്

- ജീവശാസ്ത്ര ലാബ് - സജ്ജീകരിക്കൽ
- ലാബ് - ഉപകരണങ്ങൾ

- ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ.
- വിദ്യാലയ അന്തരീക്ഷം.

-പരിസ്ഥിതി ദിനത്തിൽ സോഷ്യൽ ഫോറസ്റ്ററി ക്ളബ്ബുമായി സഹകരിച്ചുകൊണ്ട് സ്കൂളിൽ ആരംഭിച്ച വനവത്കരണ പദ്ധതിയുടെ തുടർ പരിപാലന സംരക്ഷണ പദ്ധതികൾ .

-ഇക്കോ ക്ലബിന്റെ ആഭിമുഖ്യത്തിൽ ഫീൽഡ് ട്രിപ്പ് .

-വിഷയ ബന്ധിതമായി പച്ചക്കറി തോട്ടം .

-സ്കൂൾ ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി ജൈവവൈവിധ്യം.

---------------------------------------------------------

# സംസ്കൃതം

**ജൂൺ - മാർച്ച്**

ഭാഷാജ്ഞാനം അക്ഷരം എഴുത്ത് ചിന്ന ഉറപ്പിക്കൽ

അക്ഷരമാല പ്രദർശനം.

പാഠഭാഗത്തിലുള്ള കവിത കഥ എന്നിവ വായിക്കുക

എഴുതുക.

തെരഞ്ഞെടുത്ത ലളിതമായ സംസ്കൃത പുസ്തകങ്ങളുടെ ശേഖരണം, വായന ,പാഠഭാഗത്തിലെ ചെറിയ കഥകൾ വായിപ്പിക്കുന്നത്,

ലൈബ്രറി ഉപയോഗം ,പാഠപുസ്തകം ,അക്ഷര ചാർട്ടുകൾ ക്ലബ്ബ് രൂപീകരണം ,കലണ്ടർ നിർമ്മാണം

ഗൃഹസന്ദർശനം, ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു.

ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.

..............................................................

ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 8, 9, 10 ക്ലാസ്സുകളിൽ അടിസ്ഥാന ശേഷികൾക്ക് കൂടുതൽ പരിഗണന നൽകിക്കൊണ്ടുള്ള പരിശീലന പരിപാടികളും, സർക്കാർ ഈ വർഷം നിർദേശിച്ച സന്മാർഗ ക്ലാസുകളും , 100 % നിലനിർത്താൻ ആവശ്യമായ പിന്തുണാ പ്രവർത്തനങ്ങളും, കൂടുതൽ A+ എന്ന പരിഗണന മുൻനിർത്തിയുള്ള മോണിംഗ്

ഈവനിംഗ് ക്ലാസ്സുകളും മാസ്റ്റർ പ്ലാൻ മുന്നോട്ട് വെക്കുന്ന പ്രവർത്തനങ്ങളാണ്.

മുൻവർഷങ്ങളിലെന്നതുപോലെ ആവശ്യമെങ്കിൽ SSLC യിൽ മുഴുവൻ കുട്ടികൾക്കും റസിഡൻഷ്യൽ ക്യാമ്പ് എന്ന പദ്ധതിയും നടപ്പിലാക്കും .

ഒപ്പം ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുന്ന സമാന്തര പദ്ധതികളെ വിഷയ ബന്ധിതമായും , കാലോചിതമായും കൂട്ടിച്ചേർക്കും.

അങ്ങനെ ഏറ്റവും മികവാർന്ന ഒരക്കാദമിക മുന്നേറ്റത്തിന് കോളേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വേദിയാകും.

കോളേരി സ്കൂളിന്റെ തനത് അക്കാദമിക കലണ്ടർ ഇതിനോടൊപ്പം ചേർക്കട്ടെ .

---------------------------------------------------------